(സി) സ്റ്റാമ്പുവില്പനയിൽ അവർ അനുഷ്ഠിക്കേണ്ട പ്രധാനവ്യവസ്ഥകൾ എന്തെല്ലാം?

റാവുസാഹിബ് എ. മാധവപ്രഭു:

(എ) (ക) അമ്പതു് ഉറുപ്പികവരെയുള്ള കോട്ട്ഫീ സ്റ്റാമ്പുകളും കടലാസ്സുകളും ക ൦ ൦ കൊക്കു് ക്രമ.

(ഖ) ഒരണ രശീതിസ്റ്റാമ്പുകൾ ക ൦ ൦ കൊക്കു് ഖ ½ ക.

(ഗ) അഞ്ചുറുപ്പികയും അതിനു താഴെയും വിലയുള്ള മുദ്രപത്രങ്ങൾ ക ൦ ൦ കൊക്കു് ങക.

(ഘ) ആറുറുപ്പിക മുതൽ മുപ്പത്തിഅഞ്ചുറുപ്പികവരെ വിലയുള്ള മുദ്രപത്രങ്ങൾ ക ൦ ൦ കൊക്കു് നക.

(ങ) ഹുണ്ടി, നൊട്ടേറിയൻ ഫോറിൻബിൽ സ്റ്റാമ്പുകളും കടലാസ്സുകളും കഠകൊക്കു് ങക.

(ബി) ജാമ്യസംഖ്യ അടക്കേണ്ട ആവശ്യമില്ല.

(സി) (ക) അവക്കു വില്ക്കുവാൻ അധികാരം നൽകപ്പെട്ടിട്ടുള്ള എല്ലാത്തരം മുദ്രക്കടലാസ്സുകളും സ്റ്റാമ്പുകളും വാങ്ങിച്ചു ദിവാൻപേഷ്കാർ നിശ്ചയിക്കുന്ന സ്ഥലത്തു വെച്ചു ഞായറാഴ്ചകളും മറ്റു പൊതുമുടക്കമുള്ള ദിവസങ്ങളും ഒഴിച്ചു ബാക്കി എല്ലാ ദിവസങ്ങളിലും കാലത്തു ക ൦ മണിമുതൽ വൈകുന്നേരം അഞ്ചു മണിവരെ പൊതുജനങ്ങൾക്കു യാതൊരുപ്രകാരത്തിലുള്ള കഷ്ടപ്പാടുകൾക്കും അവസരം കൊടുക്കാതെ വില്പന നടത്തേണ്ടതാകുന്നു.

(ഖ) ദിവാൻപേഷ്കാർ നിശ്ചയിക്കുന്നേടത്തോളം സംഖ്യക്കുള്ള സ്റ്റാമ്പുകളും കടലാസ്സുകളും എല്ലാ സമയത്തും സ്റ്റോക്ക് വെക്കേണ്ടതാകുന്നു.

(ഗ) ഗവമ്മെണ്ടിൽനിന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ള എല്ലാത്തരം രജിസ്റ്ററുകളും വേറെതരത്തിൽ സൂക്ഷിക്കേണ്ടതും മാസാന്തകണക്കുകളും മറ്റും അയക്കേണ്ടതുമാകുന്നു.

(ഘ) ഗവമ്മെണ്ടോ ദിവാൻപേഷ്കാരോ അധികാരപ്പെടുത്തുന്ന എതു ഉദ്യോഗസ്ഥനേയും സ്റ്റോക്കും രജിസ്റ്റുകളും പരിശോധനക്കായി കാണിച്ചുകൊടുക്കേണ്ടതാകുന്നു.

(ങ) ആധാരങ്ങൾക്കു വേണ്ടതായ സല ചേപ്പാൻ എണ്ണത്തിൽ ഏറ്റവും ചുരുങ്ങിയ മുദ്രപത്രങ്ങൾ മാത്രമേ അപേക്ഷകന്മാർക്കു കൊടുക്കുവാൻ പാടുള്ളൂ.

HILL PALACE AND UDAYAMPEROOR ROADS

282. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഗവമ്മെണ്ടു് എറണാകുളം—ഹിൽപാലസ് റോഡിന്നും, തൃപ്പൂണിത്തുറ—ഉദയംപേരൂർ റോഡിന്നും വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാം;

(ബി) ഈ മാറ്റങ്ങളെ മുൻനിർത്തിയുള്ള പണികൾ എത്രത്തോളം ആയിട്ടുണ്ടു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) എറണാകുളം—ഹിൽപാലസ്സു് റോഡു് വീതിക്കൂട്ടുവാനും tar ഇടുവാനും ഉദ്ദേശിക്കുന്നുണ്ടു്. പുതിയകാവിലേക്കു് ഒരു പുതിയ വഴി തുറക്കുവാനും ആലോചനയുണ്ടു്.

(ബി) ടി പണികൾക്കുള്ള എസ്റ്റിമേറ്റുകളും അകപയർ ചെയ്യുവാനുള്ള ഭൂപടങ്ങളും തയ്യാറാക്കി വരുന്നുണ്ടു്.

ELINJAPRA ROAD

283. മിസ്റ്റർ സി. എസ്സു്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മേണ്ടു സദയം മറുപടി പറയുമോ.—

(എ) പോട്ട—കാഞ്ഞിരപ്പിള്ളി റോഡിന്റെ ആരംഭസ്ഥലം മുതൽ എലിഞ്ഞപ്ര വരെയുള്ള ഭാഗം വാഹനസഞ്ചാരത്തിനു വളരെ ബുദ്ധിമുട്ടുള്ളതാണെന്നു് ഗവർമ്മേണ്ടു് ധരിച്ചിട്ടുണ്ടോ;

(ബി) ഈ റോഡിൽക്കൂടി നിരന്തരം ബസ്സുകളും, ലോറികളും കാളവണ്ടികളും ഓടുന്നുണ്ടെന്നു് ഗവർമ്മേണ്ടിനു് അറിഞ്ഞുകൂടേ;

(സി) ഇതിൽ പലേഭാഗത്തും വണ്ടികൾ ഒഴിഞ്ഞുമാറുന്നതിനു് സ്ഥലസൌകര്യമില്ലെന്നു വസ്തുത ഗവർമ്മേണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly